**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 504** **13-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എഫ്.സിയുടെ കിട്ടാക്കടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ . വി .എസ്. ശിവകുമാർ,<br>ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ ,<br>ശ്രീ. റോജി എം. ജോൺ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | കെ.എഫ്.സിയിൽ നിന്ന് വായ്പ എടുത്തവർ വായ്പ കൃത്യമായി തിരിച്ചടക്കാത്തതിനാൽ കിട്ടാക്കടം വളരെയധികം ഉയർന്നിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പ്രകൃതി ദുരന്തവും കോവിഡ് മഹാമാരി മൂലമുണ്ടായ ബിസിനസ് മാന്ദ്യവുംമൂലം വായ്പ എടുത്തവർക്ക് തിരിച്ചടക്കാൻ കഴിയാത്ത സാഹചര്യവും വായ്പ തിരിച്ചടവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) | ഈ കിട്ടാക്കടം തിരിച്ചു പിടിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചത്; ഇതിനായി പ്രത്യേക ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ; കിട്ടാക്കടം തിരിച്ച് പിടിക്കുന്ന ഏജൻസിക്ക് കമ്മീഷൻ നൽകുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം; വ്യക്തമാക്കുമോ; | (ബി) | കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനായി എസ്.എഫ്.സി. ആക്റ്റ്/റവന്യൂ റിക്കവറി ആക്റ്റ്/ മറ്റ് നിയമപ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനായി പ്രത്യേക ഏജൻസിയെ നിയോഗിച്ചിട്ടില്ലാത്തതാകുന്നു. |
| (സി) | ഏജൻസിയെ നിയോഗിച്ചതിലൂടെ ഇതിനകം എത്ര കോടി രൂപയുടെ കിട്ടാക്കടം തിരിച്ച് പിടിക്കാനായി എന്നറിയിയ്ക്കുമോ; | (സി) | ഏജൻസിയെ നിയോഗിച്ചിട്ടില്ലാത്തതാകുന്നു. |
| (ഡി) | വ്യക്തികൾ കെ.എഫ്.സിയിൽ നിന്ന് എടുക്കുന്ന കടബാധ്യത സിബിൽ സ്കോറിൽ പ്രത്യക്ഷമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (ഡി) | ഉണ്ട്. സിബിൽ സ്കോറിൽ പ്രത്യക്ഷമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ക്രഡിറ്റ് ഇൻഫർമേഷൻ കമ്പനീസ് രജിസ്ട്രേഷൻ ആക്റ്റ് 2005 പ്രകാരം ബാങ്കുകളും ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളും സിബിൽ വിവരങ്ങൾ നൽകുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. |
| (ഇ) | ഒരു വിഭാഗം ജീവനക്കാരുടെ സൂക്ഷ്മത ഇല്ലായ്മയാണ് കിട്ടാക്കടം പെരുകുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ? | (ഇ) | ഇല്ല. എന്നാൽ ചുരുക്കം ചില കേസുകളിൽ ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും അത്തരം കേസുകളിൽ കാരണക്കാരായ ആളുകൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ